20687
3/10/17

കേരള സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ് -ശ്രീ.കെ.പി.നൗഷാദിന്റെ സോമില്ലിന് നിയമാനുസൃതമല്ലാതെ പ്രവർത്തിക്കാൻ അനുമതി നൽകിയതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർക്കെതിരായ അച്ചടക്ക നടപടി - കുറ്റവിമുക്തരാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## വനം വന്യജീവി (എ) വകുപ്പ്

സ.ഉ(സാധാ)നം.348/2017/വനം തീയതി, തിരുവനന്തപുരം, 17.09.2017

പരാമർശം :

1) 27.01.2011 തീയതിയായി ശ്രീ.കെ.ജെ.ജോസഫ് സമർപ്പിച്ച പരാതി

2) 26.07.2011 ലെ വിജിലൻസ് വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റുടെ വിജ 10-3115/2009 നമ്പർ കത്ത്

3) 09.07.2015 ലെ 13216/എ 1/2011/വനം നമ്പർ കുറ്റപത്രം/ കുറ്റാരോപണ പത്രിക/കാരണം കാണിക്കൽ നോട്ടീസ്

4) 20.11.2015 തീയതിയായി ശ്രീ.പി.കെ.ആസിഫ്, ഡിവിഷണൽ ഫോറസ്റ്റാഫീസർ സമർപ്പിച്ച പ്രതിവാദ പത്രിക, 01.12.2015 തീയതിയായി ശ്രീ.കെ.ഉമ്മർ, ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (റിട്ട.), 09.12.2015 തീയതിയായി ശ്രീമതി.കെ.വൽസല, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (റിട്ട.), 13.05.2016 തീയതിയായി ശ്രീ.എം.കെ.രഘുത്തമൻ, സീനിയർ സൂപ്രണ്ട് (റിട്ട), 10.06.2016 തീയതിയായി ശ്രീ.പി.സേതുമാധവൻ, ജൂനിയർ സൂപ്രണ്ട് (റിട്ട), 19.10.2016 തീയതിയായി ശ്രീ. എ.രാമൻകുട്ടി, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (റിട്ട.), ശ്രീ.വി.പി.ബാലകൃഷ്ണ ശർമ്മ, സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (റിട്ട.) എന്നിവർ സമർപ്പിച്ച വിശദീകരണങ്ങൾ.

5) 18.03.2016, 19.06.2016, 15.07.2016, 15.12.2016 എന്നീ തീയതികളിലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റുടെ ബി5-10291/11 നമ്പർ കത്തുകൾ.

6) 22.11.2016 ലെ 13216/എ) 1/2011/വനം നമ്പർ സർക്കാർ കത്ത്.

7) 24.03.2017 ലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ വിഇ 10-3115/2009 നമ്പർ കത്ത് .

## ഉത്തരവ്

ശ്രീ.കെ.പി.നൗഷാദ്, കൊണ്ടേശം പറമ്പിൽ എന്നയാൾ കൊണ്ടോട്ടിയിൽ ഈർച്ചമിൽ ഫർണിച്ചർ യൂണിറ്റ് ആരംഭിക്കുന്നതിനായി 26.10.2002 ൽ നിലമ്പൂർ സൗത്ത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അപേക്ഷ നൽകിയിരുന്നു. മേൽ മില്ല് നിയമാനുസൃതമല്ലാതെ പ്രവർത്തിക്കുവാൻ അനുമതി നൽകിയതുമായി ബന്ധപ്പെട്ട് റിട്ട.തഹസീൽദാർ ശ്രീ.കെ.ജെ.ജോസഫ് പരാമർശം (1) പ്രകാരം സമർപ്പിച്ച പരാതിയിന്മേൽ വിജിലൻസ് വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് അന്വേഷണം നടത്തി പരാമർശം (2) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കി.

2) ടി പരാതിയിന്മേൽ കോഴിക്കോട് ഫ്ലൈയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റാഫീസർ അന്വേഷണം നടത്തിയതിൽ താഴെപ്പറയുന്ന കാര്യങ്ങൾ കണ്ടെത്തി.

ശ്രീ.കെ.പി.നൗഷാദ്, കൊണ്ടേശം പറമ്പിൽ എന്നയാൾ കൊണ്ടോട്ടിയിൽ ഈർച്ചമിൽ, ഫർണിച്ചർ യൂണിറ്റ് ആരംഭിക്കുന്നതിനായി 26.10.2002 ൽ നിലമ്പൂർ സൗത്ത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അപേക്ഷ നൽകുകയും, ടി അപേക്ഷയിൽ പരിശോധന നടത്തി കാളികാവ് റെയിഞ്ചാഫീസറായിരുന്ന ശ്രീ.പി.കെ.ആസിഫ് 23.11.2002 ൽ നിലമ്പൂർ സൗത്ത് ഡിവിഷണൽ ഫോറസ്റ്റാഫീസർക്ക് റിപ്പോർട്ട് നൽകുകയും ചെയ്തു. ടി റിപ്പോർട്ടിൽ സ്ഥാപനം ആരംഭിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം സ്ഥിതി ചെയ്യുന്നത് കോഴിക്കോട് മലപ്പുറം റോഡിന്റെ വലതുവശത്താണ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. കോഴിക്കോട്-മലപ്പുറം റോഡിന്റെ വലതുവശം നിലമ്പൂർ നോർത്ത് ഡിവിഷന്റെ കീഴിലും, ഇടതുവശം നിലമ്പൂർ സൗത്ത് ഡിവിഷന്റെ കീഴിലും വരുന്നതാണ്. ശ്രീ.കെ.പി.നൗഷാദിന് മരാധിഷ്ഠിത ഈർച്ചമില്ലും, ഫർണിച്ചർ യൂണിറ്റും ആരംഭിക്കുന്നതിന് സൗത്ത് നിലമ്പൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറായ ശ്രീ.എ.രാമൻകുട്ടി 28.11.2002 ൽ എൻ.ഒ.സി. നൽകിയിട്ടുണ്ട്. കോഴിക്കോട് നിലമ്പൂർ റോഡിന്റെ വലതുഭാഗം നിലമ്പൂർ നോർത്തും, ഇടതുഭാഗം നിലമ്പൂർ സൗത്തും ആണെന്ന് അറിയാൻ ബാധ്യസ്ഥനായ ഡിവിഷണൽ ഫോറസ്റ്റാഫീസർ ശ്രീ.എ.രാമൻകുട്ടി തന്റെ അധികാര പരിധിയിൽ അല്ലാത്ത സ്ഥലത്ത് മിൽ പ്രവർത്തിക്കുന്നതിന് എൻ.ഒ.സി. നൽകിയത് തെറ്റായ നടപടി ആണ്. പ്രസ്തുത സ്ഥലം നിലമ്പൂർ നോർത്ത് ഡിവിഷന്റെ കീഴിൽ ഉൾപ്പെടുന്നു എന്ന

വിവരം രേഖപ്പെടുത്താത്ത കാളികാവ് റെയിഞ്ചാഫീസർ ശ്രീ.പി.കെ.ആസിഫിന്റെ ഭാഗത്ത് വീഴ്ച പറ്റിയിട്ടുണ്ട്.

04.08.2007 ൽ മുഖ്യവനപാലകൻ (എസ്.എ&എൻ.ഒ) നൽകിയ ഉത്തരവിൽ ബഹു.സുപ്രീം കോടതിയുടെ 23.10.2002 വിധിക്കുശേഷം പുതിയ തടിയധിഷ്ഠത വ്യവസായ സ്ഥാപനങ്ങൾ തുടങ്ങുന്നതിനായി എൻ.ഒ.സി. നൽകിയിട്ടുണ്ടെങ്കിൽ, അത് എത്രയും വേഗം റദ്ദ് ചെയ്യുന്നതിനും, സുപ്രീം കോടതി വിധി പാലിക്കുന്നതിനും ആവശ്യപ്പെടുകയുണ്ടായി. മേൽ ഓർഡറിന്റെ അടിസ്ഥാനത്തിൽ അന്നത്തെ നിലമ്പൂർ സൗത്ത് ഡിവിഷണൽ ഫോറസ്റ്റാഫീസറായിരുന്ന ശ്രീ.കെ.ഉമ്മർ 30.10.2002 ന് ശേഷം നിലമ്പൂർ സൗത്ത് ഡിവിഷനിൽ നിന്നും അനുവദിച്ച എൻ.ഒ.സി.കൾ റദ്ദ്ചെയ്തുകൊണ്ട് 11.09.2007 ൽ ഉത്തരവിറക്കുകയുണ്ടായി. ഇതിൽ നൗഷാദിന്റെ മില്ലും ഉൾപ്പെട്ടിരുന്നു. എന്നാൽ തന്റെ സ്ഥാപനത്തിന്റെ എൻ.ഒ.സി. റദ്ദ് ചെയ്തിട്ടുള്ള വസ്തുത സൗകര്യപൂർവ്വം മറച്ചുവെച്ച് കൊണ്ടാണ്, നൗഷാദ് തന്റെ സ്ഥാപനത്തിന് എൻ.ഒ.സി. പുതുക്കി ലഭിക്കുന്നതിനു വേണ്ടി 28.09.2007 ൽ നിലമ്പൂർ നോർത്ത് ഡിവിഷണൽ ഫോറസ്റ്റാഫീസർക്ക് അപേക്ഷ നൽകിയത്.

ശ്രീ.കെ.പി.നൗഷാദിന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ എടവണ്ണ റെയിഞ്ചാഫീസറായിരുന്ന ശ്രീ.കെ.മനോജ് സ്ഥല പരിശോധന നടത്തി 30.05.2008-ൽ നിലമ്പൂർ ഡിവിഷണൽ ഫോറസ്റ്റാഫീസർക്ക് റിപ്പോർട്ട് നൽകി. ടി റിപ്പോർട്ടിലും നിലമ്പൂർ സൗത്ത് ഡിവിഷനിലെ ബന്ധപ്പെട്ട ഫയലിലും എൻ.ഒ.സി. റദ്ദ് ചെയ്ത വിവരം രേഖപ്പെടുത്തിയിട്ടില്ല. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലും നിലമ്പൂർ നോർത്ത് ഡിവിഷണൽ ഫോറസ്റ്റാഫീസർ ശ്രീ.എം.ശ്രീധരൻ നായർ 30.06.2008 ൽ സ്ഥാപനത്തിന് എൻ.ഒ.സി. പുതുക്കി നൽകിയിട്ടുണ്ട്.

എൻ.ഒ.സി. ലഭിച്ചതിനു ശേഷം 07.07.2008 ൽ ശ്രീ.കെ.പി.നൗഷാദ് തന്റെ സ്ഥാപനം വയനാട് ജില്ലയിലെ മാനന്തവാടിയിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിനു വേണ്ടി അപേക്ഷ നൽകുകയും, ടി അപേക്ഷയുടെ അടിസ്ഥാനത്തിൽ 12.02.2009 ൽ സ്ഥാപനം വയനാട്ടിലേയ്ക്ക് (മാനന്തവാടി) മാറ്റി സ്ഥാപിക്കുന്നതിന് നിലമ്പൂർ നോർത്ത് ഡിവിഷണൽ ഫോറസ്റ്റാഫീസർ അനുമതി നൽകുകയുണ്ടായി.

സൗത്ത് നിലമ്പൂർ ഡിവിഷണൽ ഫോറസ്റ്റാഫീസർ, ശ്രീ.കെ.പി.നൗഷാദിന്റെ തടിയധിഷ്ഠിത സ്ഥാപനത്തിന്റെ എൻ.ഒ.സി. റദ്ദ് ചെയ്ത വിവരം നോർത്ത് നിലമ്പൂർ ഡിവിഷണൽ ഫോറസ്റ്റാഫീർക്ക് കൈമാറിയ ഫയലിൽ രേഖപ്പെടുത്താത്തതിന് സൗത്ത് നിലമ്പൂർ ഡിവിഷണൽ ഫോറസ്റ്റാഫീസറായ ശ്രീ.കെ.ഉമ്മറും, നിലമ്പൂർ സൗത്ത് ഡിവിഷണൽ ഓഫീസിലെ സീനിയർ സൂപ്രണ്ടായിരുന്ന ശ്രീ.വി.പി.ബാലകൃഷ്ണ ശർമ്മയും, ഹെഡ് അക്കൗണ്ടന്റായിരുന്ന ശ്രീ.പി.സേതുമാധവൻ എന്നിവരും

ഉത്തരവാദികളാണ്. അതുകൊണ്ടു തന്നെ എൻ.ഒ.സി. റദ്ദ് ചെയ്ത വിവരം നിലമ്പൂർ നോർത്ത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ നോർത്ത് വയനാട് ഡിവിഷണൽ ഫോറസ്റ്റോഫീസറോ അറിഞ്ഞിരുന്നില്ല. എന്നാൽ മുഖ്യ വനപാലകന്റെ (എസ്.എ.&എൻ.ഒ.) 04.08.2007 ലെ സർക്കുലർ വന്നതിന് ശേഷവും നിലമ്പൂർ നോർത്ത് ഡിവിഷണൽ ഫോറസ്റ്റാഫീസറായ ശ്രീ.എം.ശ്രീധരൻ നായർ ശ്രീ.കെ.പി.നൗഷാദിന്റെ മില്ലിന് എൻ.ഒ.സി. പുതുക്കി നൽകിയിട്ടുള്ളതും തെറ്റായ നടപടിയാണ്. ഇതിൽ നോർത്ത് ഡിവിഷണൽ ഫോറസ്റ്റാഫീസർക്കൊപ്പം അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ശ്രീമതി.കെ.വൽസലയും, ജൂനിയർ സൂപ്രണ്ട് ശ്രീ.എം.കെ.രഘൂത്തമനും ഉത്തരവാദികളാണ്.

3) പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ഉദ്യോഗസ്ഥരെ കുറ്റക്കാരായി കണ്ടെത്തുകയും ടിയാന്മാർക്കെതിരെ സർക്കാർ തലത്തിൽ അച്ചടക്ക നടപടി ആരംഭിക്കുകയും ചെയ്തു.

1. ശ്രീ.എ.രാമൻകുട്ടി, ഡിവിഷണൽ ഫോറസ്റ്റാഫീസർ (റിട്ട)
2. ശ്രീ.കെ.ഉമ്മർ, ഡിവിഷണൽ ഫോറസ്റ്റാഫീസർ (റിട്ട)
3. ശ്രീ.എം.ശ്രീധരൻ നായർ ഐ.എഫ്.എസ്.,
   ഡിവിഷണൽ ഫോറസ്റ്റാഫീസർ (റിട്ട)
4. ശ്രീമതി.കെ.വൽസല, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (റിട്ട)
5. ശ്രീ.വി.പി.ബാലകൃഷ്ണ ശർമ്മ, സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (റിട്ട)
6. ശ്രീ.എം.കെ.രഘൂത്തമൻ, സീനിയർ സൂപ്രണ്ട് (റിട്ട)
7. ശ്രീ.പി.സേതുമാധവൻ, ജൂനിയർ സൂപ്രണ്ട് (റിട്ട)
8. ശ്രീ.പി.കെ.ആസിഫ്, റെയിഞ്ച് ഓഫീസർ

4) റിട്ടയർ ചെയ്ത ഉദ്യോഗസ്ഥർക്ക് കേരള സർവ്വീസ് റൂൾസ് ഭാഗം 3 ചട്ടം 59(ബി) പ്രകാരം കാരണം കാണിക്കൽ നോട്ടീസ്, ശ്രീ.പി.കെ.ആസിഫിന് 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം കഠിന ശിക്ഷയ്ക്കുള്ള കുറ്റപത്രം എന്നിവ പരാമർശം (3) പ്രകാരം നൽകുകയും, ശ്രീ.ശ്രീധരൻ നായർ ഐ.എഫ്.എസിനെതിരെ നടപടി സ്വീകരിക്കുവാൻ പൊതുഭരണ സ്പെഷ്യൽ (സി) വകുപ്പിനോട് ആവശ്യപ്പെടുകയും ചെയ്തു.

5) കുറ്റപത്രത്തിനും കാരണം കാണിക്കൽ നോട്ടീസിനും കുറ്റാരോപിതർ പരാമർശം (4) പ്രകാരം സമർപ്പിച്ച വിശദീകരണങ്ങളിന്മേൽ പരാമർശം (5) പ്രകാരം ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ഇപ്രകാരം അഭിപ്രായം അറിയിച്ചു:-

ശ്രീ.കെ.പി.നൗഷാദിന്റെ സോമില്ലിന് എൻ.ഒ.സി. നൽകിയ സമയം ബഹു.സുപ്രീം കോടതിയുടെ വിധി ശ്രീ.കെ.ഉമ്മർ അറിഞ്ഞിരുന്നില്ല. മുഖ്യ വനപാലകന്റെ (സ്പെഷ്യൽ അഫോറസ്റ്റേഷൻ & നോഡൽ ഓഫീസർ) സർക്കുലർ ലഭിച്ചതിന് ശേഷം 2002 ന് ശേഷമുള്ള എല്ലാ എൻ.ഒ.സി.കളും റദ്ദാക്കിയിട്ടുണ്ട്. നിലമ്പൂർ സൗത്ത് ഡിവിഷനിലെ ഫയൽ നിലമ്പൂർ നോർത്ത് ഡിവിഷനിൽ നൽകിയപ്പോൾ റദ്ദ ചെയ്ത ഉത്തരവ് ടി ഫയലിൽ ചേർത്തില്ല. ഒരു പക്ഷേ 20 എൻ.ഒ.സി.കൾ റദ്ദാക്കി ഉത്തരവിറക്കിയത് 11.09.2007 ലെ എ 2-3740-07 നമ്പർ ഫയലിലായിരുന്നുവെന്നതും, ടി ഉത്തരവിന്റെ കോപ്പി നൗഷാദിന്റെ മില്ലിന് എൻ.ഒ.സി. നൽകിയ ഫയലിൽ ചേർത്തിരിക്കാൻ സാധ്യതയില്ലാത്തതുമാകാം അതിന് കാരണം.

ശ്രീ.പി.കെ.ആസിഫാണ് നിലമ്പൂർ നോർത്ത് ഡിവിഷന്റെ അധികാര പരിധിയിലെ ലൊക്കേഷൻ നിലമ്പൂർ സൗത്ത് ഡിവിഷനിലാണെന്ന് റിപ്പോർട്ട് ചെയ്തത്. എന്നാൽ ടി സ്ഥലം കോഴിക്കോട് നിലമ്പൂർ റോഡിന്റെ വലതുവശത്താണെന്ന വസ്തുത ടിയാൻ ശരിയായിട്ടാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. 23.11.2002 ൽ ബഹു.സുപ്രീം കോടതിയുടെ 29.10.2002 ലെ വിധി ടിയാൻ അറിഞ്ഞിരിക്കാൻ സാധ്യതയില്ല. അതിനാൽ എൻ.ഒ.സി. ശുപാർശ ചെയ്ത നടപടിയിൽ തെറ്റില്ല. ടി എൻ.ഒ.സി റദ്ദാക്കുകയും ചെയ്തിട്ടുണ്ട്.

എൻ.ഒ.സി. അനുവദിച്ചതിന്റെ രേഖയും ബന്ധപ്പെട്ട ഫയലുകളും സെക്ഷൻ ക്ലാർക്ക് തയ്യാറാക്കിയ നോട്ടിൽ ലഭ്യമായ ഫയലുകൾ പരിശോധിച്ച് റിമാർക്ക്സ് രേഖപ്പെടുത്തി സൂപ്പർവൈസറി സ്റ്റാഫ് ആയ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന് സമർപ്പിക്കുകയാണ് ശ്രീ.എം.കെ.രഘുത്തമൻ ചെയ്തത്. കൂടാതെ 2002 ന് മുമ്പുള്ള എൻ.ഒ.സി ആണെന്ന് ഉദ്യോഗസ്ഥൻ ചിന്തിച്ചിരിക്കാനും സാധ്യതയുണ്ട്.

ഓഫീസ് ഉത്തരവ് പ്രകാരം പ്രതിമാസ കണക്കുമായി ബന്ധപ്പെട്ടവ യല്ലാതെയുള്ള ഫയലുകളും ഹെഡ് അക്കൗണ്ടന്റ് പരിശോധിക്കേണ്ടി യിരുന്നുവോയെന്ന് അന്വേഷണ ഉദ്യോഗസ്ഥൻ ഉറപ്പ വരുത്തിയതായി കാണുന്നില്ല. അതിനാൽ സ്വാഭാവികമായും ഈ വിഷയത്തിലെ ഫയൽ കൈകാര്യം ചെയ്യാൻ സാധ്യതയില്ലാത്ത ശ്രീ.പി.സേതുമാധവൻ, ഹെഡ് അക്കൗണ്ടന്റിനെ (റിട്ടയേർഡ്) ഈ വിഷയത്തിൽ നിന്നും കുറ്റവിമുക്തനാക്കാവുന്നതാണ്.

26.10.2002 ൽ ശ്രീ.നൗഷാദിന്റെ സോമില്ലിന് എൻ.ഒ,സി നൽകിയ സമയം ബഹു.സുപ്രീം കോടതിയുടെ വിധിപകർപ്പ് ശ്രീ.എ.രാമൻകുട്ടിക്ക് ലഭിച്ചിരുന്നില്ല. അതിനാൽ കോടതി വിധി പ്രകാരം ടിയാന് എൻ.ഒ.സി സംബന്ധിച്ച് നടപടി സ്വീകരിക്കുവാൻ കഴിഞ്ഞില്ല. മില്ലിന് അനുമതി കൊടുക്കുന്ന സമയത്ത് അത് നിയമ വിരുദ്ധമായിരുന്നില്ല എന്ന ടിയാന്റെ വാദം ശരിയാണ്. റെയിഞ്ചോഫീസറുടെ റിപ്പോർട്ട് പ്രകാരമാണ് ശ്രീ.എ.രാമൻകുട്ടി, ഡിവിഷണൽ ഫോറസ്റ്റാഫീസർ, മില്ലിന്

എൻ.ഒ.സി. നൽകിയിട്ടുള്ളത്. വനം ഡിവിഷന്റെ റവന്യൂ അധികാരമുള്ള പ്രദേശം തെറ്റായി മനസ്സിലാക്കി അനുമതി നൽകി എന്നതാണ് ശ്രീ.എ.രാമൻകുട്ടിയുടെ ഭാഗത്തു നിന്നു വന്ന വീഴ്ച. മില്ലിന് അനുമതി നൽകിയ നടപടി നിയമവിരുദ്ധമല്ലായിരുന്നതിനാലും ഇക്കാരണത്താൽ സർക്കാർ നഷ്ടമൊന്നും ഉണ്ടായിട്ടില്ലാത്തതിനാലും ടിയാന്റെ ഭാഗത്തു നിന്നുള്ളത് നടപടി ക്രമത്തിലെ ചെറിയ വീഴ്ചയായി കരുതാവുന്നതാണ്.

ശ്രീ.വി.പി.ബാലകൃഷ്ണ ശർമ്മ, സീനിയർ സൂപ്രണ്ടിന് ഡിവിഷനിലെ എല്ലാ സെക്ഷനുകളുടെയും മേൽനോട്ടം ഉണ്ട്. അതിനാൽ എല്ലാ ഫയലുകളും സീനിയർ സൂപ്രണ്ട് പരിശോധിച്ചാണ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് സമർപ്പിക്കുന്നത്. നൽകിയ എൻ.ഒ.സികൾ റദ്ദ് ചെയ്ത ഉത്തരവ് ഇറക്കിയപ്പോൾ ടി ഉത്തരവിൽ കുറെയധികം ആളുകൾ ഉൾപ്പെട്ടിരുന്നു. അതിൽ ഒരാളിന്റെ ഫയൽ മാത്രം ശ്രദ്ധിക്കാൻ ജോലിത്തിരക്ക് മൂലം കഴിഞ്ഞിരുന്നില്ലായെന്ന ടിയാന്റെ വാദം അംഗീകരിക്കാവുന്നതാണ്.

6) ഈ വിഷയത്തിൽ സർക്കാർ നഷ്ടമൊന്നും ഉണ്ടായിട്ടില്ലാത്തതിനാൽ കുറ്റാരോപിതർ സമർപ്പിച്ച വിശദീകരണങ്ങൾ പരിഗണിച്ച് മനഃപൂർവ്വമല്ലാത്ത വീഴ്ചയായി കണ്ട് ടിയാന്മാരെ കുറ്റവിമുക്തനാക്കുന്നതിന് ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ശുപാർശ ചെയ്യുകയുണ്ടായി.

7) കൂടാതെ, സെൻട്രൽ എംപവേർഡ് കമ്മിറ്റി ബഹു. സുപ്രീം കോടതിയിൽ IA-3051-3053/2011-ാം നമ്പർ കേസ്സിൽ ഫയൽ ചെയ്ത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും 19.05.2012 ലെ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സിന്റെ അർദ്ധ ഔദ്യോഗിക കത്തിന്റെ അടിസ്ഥാനത്തിലും 30.10.2002 ന് ശേഷം സ്ഥാപിതമായ ശ്രീ.കെ.പി.നൗഷാദിന്റെ ഉടമസ്ഥതയിലുള്ള മില്ല്, നോർത്ത് വയനാട് ഡിവിഷണൽ ഫോറസ്റ്റാഫീസർ, 25.06.2012 ലെ സി-5248/2008 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അടച്ചുപൂട്ടിയിട്ടുണ്ടെന്ന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (സ്പെഷ്യൽ അഫോറസ്റ്റേഷൻ) & നോഡൽ ഓഫീസർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുമുണ്ട്.

8) ടി വിഷയത്തിൽ വിജിലൻസ് വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ അഭിപ്രായം പരാമർശം (6) പ്രകാരം ആരായുകയും ആരോപണ വിധേയരായവരിൽ ശ്രീ.പികെ.ആസിഫ്, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ഒഴികെയുള്ളവരെല്ലാം സർവ്വീസിൽ നിന്ന് വിരമിച്ചതിനാലും മേൽ പ്രവൃത്തി മൂലം സർക്കാർ നഷ്ടമൊന്നും ഉണ്ടായിട്ടില്ലാത്തതിനാലും ടിയാന്മാരെ കുറ്റവിമുക്തരാക്കാമെന്നുള്ള ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ശുപാർശ അംഗീകരിക്കാവുന്നതാണെന്ന് വിജിലൻസ് വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം (7) പ്രകാരം അറിയിക്കുകയുണ്ടായി.

9) സർക്കാർ മേൽ വിഷയം വിശദമായി പരിശോധിക്കുകയും ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, വിജിലൻസ് വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് എന്നിവരുടെ അഭിപ്രായം അംഗീകരിച്ച് സർവ്വശ്രീ.കെ.ഉമ്മർ, ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (റിട്ട.), എ.രാമൻകുട്ടി, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (റിട്ട.) വി.പി.ബാലകൃഷ്ണ ശർമ്മ, സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (റിട്ട.), എം.കെ.രഘുത്തമൻ, സീനിയർ സൂപ്രണ്ട് (റിട്ട), പി.സേതുമാധവൻ, ജൂനിയർ സൂപ്രണ്ട് (റിട്ട), പി.കെ.ആസിഫ്, ഡിവിഷണൽ ഫോറസ്റ്റാഫീസർ, ശ്രീമതി.കെ.വൽസല, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (റിട്ട.), എന്നിവരെ കുറ്റവിമുക്തരാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജെയിംസ് വർഗ്ഗീസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്
ശ്രീ.കെ.ഉമ്മർ, ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്(റിട്ട.)
ശ്രീ.എ.രാമൻകുട്ടി, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്(റിട്ട.)
ശ്രീ.വി.പി.ബാലകൃഷ്ണ ശർമ്മ, സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്(റിട്ട.),
ശ്രീമതി.കെ.വൽസല, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്(റിട്ട.),
ശ്രീ.എം.കെ.രഘുത്തമൻ, സീനിയർ സൂപ്രണ്ട് (റിട്ട.)
ശ്രീ.പി.സേതുമാധവൻ, ജൂനിയർ സൂപ്രണ്ട് (റിട്ട.)
ശ്രീ.പി.കെ.ആസിഫ്, ഡിവിഷണൽ ഫോറസ്റ്റാഫീസർ
(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ